Draft #3 of File 44244/AC A1/2/2019/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 14-Jan-2020 02:43 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

### <u>സംഗ്രഹം</u>

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന Inter University Centre for Organic Farming and Sustainable Agriculture (IUCOFSA) സെന്ററിന്റെ നേതൃത്വത്തിൽ Organic Farming ൽ Massive Online Open Course (MOOC) ആരംഭിക്കുന്നതിന് സമർപ്പിച്ച വിശദാംശങ്ങൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 202/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.01.2020

---

പരാമർശം:-1)അക്കാഡമിക് കൗൺസിലിലേക്കുള്ള കുറിപ്പ് നമ്പർ 4424/ACA1/2/2019/VC SECT തീയതി 21.11.2019.

2) 30.11.2019 ൽ ചേർന്ന അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 207/44244/AC A1/2/2019

### <u>ഉത്തരവ്</u>

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന Inter University Centre for Organic Farming and Sustainable Agriculture (IUCOFSA) സെന്ററിന്റെ നേതൃത്വത്തിൽ Organic Farming ൽ Massive Online Open Course (MOOC) ആരംഭിക്കുന്നതിനായി IUCOFSA ഡയറക്ടർ സമർപ്പിച്ച പ്രസ്തുത കോഴ്സ് സംബന്ധമായ വിശദാംശങ്ങൾ അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു.

ആയത് പ്രകാരം സമർപ്പിച്ച താഴെ നൽകിയിട്ടുള്ള വിശദാംശങ്ങൾ 30.11.2019 ൽ ചേർന്ന അക്കാദമിക് കൗൺസിൽ യോഗം പരിഗണിക്കുകയുണ്ടായി.

1. യു.ജി.സിയുടെ നിർദ്ദിഷ്ട മാതൃക പ്രകാരം 14 മോഡ്യൂളുകളിലായി, 14 ആഴ്ചകൊണ്ട് പൂർത്തീകരിക്കും വിധത്തിലാണ് കോഴ്സ് ഘടന ചിട്ടപ്പെടുത്തിയിട്ടുള്ളത്. കോഴ്സിന്റെ ഉള്ളടക്കം സെന്ററിൽ രൂപീകൃതമായിട്ടുള്ള അക്കാദമിക് കമ്മിറ്റി അവലോകനം ചെയ്തിട്ടുള്ളതും, അംഗീകരിച്ചിട്ടുള്ളതുമാണ്.
2. സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലേയും പഠനവകുപ്പുകളിലേയും യു.ജി.,പി.ജി. വിദ്യാർത്ഥികൾക്കായിട്ടാണ് ഓൺലൈൻ ഓപ്പൺ കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ ഗ്രാജ്വേറ്റ് വിദ്യാർത്ഥികളും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഒരു കോഴ്സ് എങ്കിലും ചെയ്തിരിക്കണം എന്ന യുജിസി മാനദണ്ഡം അടിസ്ഥാനപ്പെടുത്തിയാണ് Organic Farming ൽ കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്.
3. പ്രസ്തുത കോഴ്സ് ഔദ്യോഗികമായി സമാരംഭിച്ചത് 07.02.19 ൽ ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ആഭിമുഖ്യത്തിൽ, കോൺഫറൻസ് ഹാൾ,തിരുവനന്തപുരത്ത് വച്ച് IUCOFSA യുടെ ഗവർണിംഗ് കൗൺസിൽ മീറ്റിങ്ങ് നടന്ന വേളയിലാണ്. കേരള സർക്കാരിന്റെ ഹരിതകേരളം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രോജക്റ്റിന്റെ നയങ്ങളുമായി യോജിക്കുന്ന വിധത്തിലാണ് മഹാത്മാഗാന്ധി സർവ്വകലാശാല ഓർഗാനിക്ക് ഫാമിങ്ങിൽ ഓൺലൈൻ ലേർണിംഗ് കോഴ്സ് മുന്നോട്ട് വയ്ക്കുന്നത് . ഇതിലൂടെ ഓർഗാനിക്ക് ഫാമിങ്ങിൽ ഓൺലൈൻ കോഴ്സ് പരിചയപ്പെടുത്തുന്ന ആദ്യത്തെ സർവ്വകലാശാല എന്ന പദവിയും മഹാത്മാഗാന്ധി സർവ്വകലാശാല സ്വായത്തമാക്കും .

4. കോഴ്സിന്റെ രൂപഘടന തയ്യാറാക്കുന്നതിനും, വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുമായി സർവകലാശാല കരാറിൽ എത്തിയിട്ടുള്ളത്, സ്റ്റേറ്റ് ഇൻസിറ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷണൽ ടെക്നോളജി [SIET]എന്ന സ്ഥാപനവുമായിട്ടാണ് .

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം താഴെ പറയും വിധം തീരുമാനമായിരിക്കുന്നു.

"സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന Inter University Centre for Organic Farming and Sustainable Agriculture (IUCOFSA)ന്റെ നേതൃത്വത്തിൽ Organic Farming ൽ MOOC കോഴ്സ് ആരംഭിക്കുന്നതിനായി IUCOFSA ഡയറക്ടർ സമർപ്പിച്ച പ്രസ്തുത കോഴ്സ് സംബന്ധമായ വിശദാംശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ്

1. ഡയറക്ടർ, IUCOFSA
2. വി സി , പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടിമാർ
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ
4. എ ആർ/ ഡി ആർ/ ജെ ആർ (അക്കാദമിക്/ ഫിനാൻസ്)
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ IQAC/ PRO/Enquiry
6. എ സി എ4 / എ സി എ5/എ സി സി1/ 2 / എ ടി ആർ
7. Stock File/ File Copy

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 44244/AC A1/2/2019/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 14-Jan-2020 02:43 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം